**കേരള കാർഷികസർവകലാശാല**

**<u>പുനർ ലേലം/ക്വട്ടേഷൻ നോട്ടീസ്</u>**

നം. **COAVKA/6400/2024-IF-A1** തീയതി. വെള്ളാനിക്കര, **28-04-2025**

കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിലെ ഒരു തേക്കു മരം മുറിച്ച് നീക്കം ചെയ്തു കൊണ്ടുപോകാൻ തൽപ്പരരായവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ പുനർ ലേലം/ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. രഹസ്യ ക്വട്ടേഷനുകൾ 05/05/2025-ന് രാവിലെ **11.AM** മണി വരെ സ്വീകരിക്കും. ലേലത്തിൽ പങ്കെടുക്കുന്നവർക്ക് അന്നേ ദിവസം രാവിലെ 10.30 AM-ന് മരം കാണാവുന്നതാണ്.

**ലേല സമയം : 05.05. 2025 - ന് 11.30 AM**

**ലേല സ്ഥലം : ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര**

രഹസ്യ ക്വട്ടേഷനുകൾ 05/05/2025 ന് 11 AM വരെ സ്വീകരിയ്ക്കും.

- **മുറിച്ച് മാറ്റുന്ന തേക്ക് മരത്തിന് ജി.എസ്.ടി.യും ഫോറെസ്റ്റ് ഡെവലപ്പ്മെന്റ് ടാക്സും ബാധകമാണ്.**

**<u>മുറിച്ച് മാറ്റേണ്ട തേക്കു മരത്തിന്റെ വിശദാംശങ്ങൾ</u>**

| മരം | സ്ഥലം |
|---|---|
| തേക്ക് - ഒരെണ്ണം | വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിലെ 'ബി' ബ്ലോക്കിൽ വെള്ളാനിക്കര – ചിറയ്ക്കാക്കോട് റോഡ് സൈഡിൽ മതിലിനോട് ചേർന്ന് നിൽക്കുന്ന ഏകദേശം 150 സെ.മീ. ചുറ്റളവും 400 സെ. മീ. ഉയരവും ഉള്ള തേക്ക് മരം മുറിച്ചു നീക്കം ചെയ്തു കൊണ്ടു പോകേണ്ടതാണ്. |

**<u>ലേലം/ക്വട്ടേഷൻ വ്യവസ്ഥകൾ :</u>**

1. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും ഫോട്ടോ പതിച്ച നിയമപര മായ തിരിച്ചറിയൽ രേഖകളിലേതെങ്കിലും കൊണ്ടുവരേണ്ടതാണ്. അല്ലാത്തപക്ഷം ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.
2. ലേലം/ക്വട്ടേഷനിലെ തേക്ക് മരം പരിശോധിക്കുവാൻ വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിലെ ഫാം സൂപ്രണ്ടുമായി ബന്ധപ്പെടേണ്ടതാണ്.
3. ക്വട്ടേഷനുകൾ പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര എന്ന വിലാസത്തിൽ ആയിരിക്കണം സമർപ്പിക്കേണ്ടത്. ക്വട്ടേഷൻ അയക്കുന്ന കവറിനു പുറത്ത് "വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിലെ 'ബി' ബ്ലോക്കിലെ തേക്കു മരം മുറിച്ചു മാറ്റുന്നതിനുള്ള ക്വട്ടേഷൻ" എന്ന് എഴുതിയിരിക്കണം.

4. പൂരിപ്പിച്ച ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി 05/05/2025 - ന് രാവിലെ 11 മണി വരെയാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത കവറിൽ നിശ്ചിത സമയത്തിന് മുമ്പായി ക്വട്ടേഷൻ ഓഫീസിലെത്തി ക്കുകയോ പരസ്യലേലത്തിൽ പങ്കെടുക്കുകയോ ചെയ്യേണ്ടതാണ്. മൂന്ന് ക്വട്ടേഷൻ/ വ്യക്തികൾ ഉണ്ടെങ്കിൽ മാത്രമേ ക്വട്ടേഷൻ നടപടികൾ ആരംഭിക്കുകയുള്ളൂ. നിശ്ചിത തീയതിയ്ക്കും സമയത്തിനും ശേഷം ലഭിക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും.
5. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നതിന് ലേല ദിവസം 05/05/2025 - ന് നിരതദ്രവ്യം 1,500/- (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) പണമായി ഈ ഓഫീസിൽ രാവിലെ 11 മണിക്ക് മുമ്പേ അടക്കേണ്ടതാണ്. ലേല നടപടികൾ കൃത്യം 11.30 മണിക്ക് തന്നെ ആരംഭിക്കുന്നതാണ്.
6. നിരതദ്രവ്യം കെട്ടിവച്ചവർക്കു മാത്രം ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുവാൻ അനുവാദമുണ്ടായിരുക്കുന്നതാണ്. ടോക്കൻ നമ്പർ ഓഫീസിൽ നിന്നും നൽകുന്ന തായിരിക്കും.
7. രഹസ്യ ക്വട്ടേഷനിൽ തേക്ക് മരത്തിന്റെ വില വ്യക്തമായി എഴുതണം. ലേലത്തിൽ ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളുടെ പേരിലോ ലേലത്തിനു ശേഷം തുറക്കുന്ന ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നതും ടിയാൻ ലേലം/ക്വട്ടേഷൻ തുകയുടെ $^{1}/_{3}$ ഭാഗം അന്നേ ദിവസം തന്നെ ഓഫീസിൽ അടയ്ക്കേണ്ടതും ബാക്കി തുക 3 പ്രവൃത്തി ദിവസത്തിനകം (08/05/2025 തിയ്യതിക്ക് മുമ്പായി) അടച്ച് മുറിച്ചിട്ട മരം എടുക്കുന്നതിന് അനുവാദം വാങ്ങേണ്ടതുമാണ്.
8. ലേല സംഖ്യക്കു പുറമേ ലേലസംഖ്യയുടെ 5% വനവികസന നികുതിയും (FDT) GST ബാധകമായവയ്ക്ക് (വിൽപ്പന വിലയുടെയും വനം വികസന നികുതിയുടെയും) 18% GST യും ക്വട്ടേഷൻ പിടിച്ച വ്യക്തി 08/05/2025 തീയതിക്ക് മുൻപ് അടയ്ക്കേണ്ടതാണ്.
9. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊണ്ടയാൾ മുഴുവൻ ലേലതുക അടച്ചതിനുശേഷം മാത്രമേ രണ്ടാമത്തെയാളുടെ EMD തിരികെ നൽകൂ. സർവകലാശാലയ്ക്ക് നാശനഷ്ട ങ്ങൾ ഉണ്ടാകാതെ തടികൾ നീക്കം ചെയ്തതിനുശേഷം നിരതദ്രവ്യം തിരികെ നൽകുന്നതാണ്. ഇതിന് വേണ്ടി രശീതിയോടൊപ്പം അപേക്ഷ സമർപ്പിക്കണം.
10. ഏതെങ്കിലും അവിചാരിതമായ കാരണത്താൽ ലേലം/ക്വട്ടേഷൻ ദിവസം അവധി ദിവസമായി വരികയാണെങ്കിൽ ലേലം/ക്വട്ടേഷൻ അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ നടത്തുന്നതാണ്.
11. നികുതി ഉൾപ്പടെയുള്ള മുഴുവൻ ലേലത്തുകയും വെള്ളാനിക്കരയിലെ ഇൻസ്ട്രക്ഷ-ണൽ ഫാമിൽ അടച്ചതിന് ശേഷം മാത്രമേ മരം കൊണ്ടു പോകുന്നതിന് അനുവദി-ക്കുകയുള്ളു. ക്വട്ടേഷൻ ലഭിച്ചാൽ 10 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തര വാദിത്വത്തിലും തടികൾ കൊണ്ടു പോകേണ്ടതാണ്.
12. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ മാത്രമേ മരം കൊണ്ടു പോകുവാൻ അനുവദിക്കുകയുള്ളൂ. മരം ഗേറ്റ് പാസ് ഹാജരാക്കി ആയിരിക്കണം കൊണ്ടുപോകേണ്ടത്.
13. മരം കൊണ്ടുപോകേണ്ടത് സ്ഥാപനത്തിലെ ഫാമിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ട ത്തിലായിരിക്കണം. മരം കൊണ്ടുപോകുമ്പോൾ ചുറ്റുപാടുമുള്ള സ്ഥാവരജംഗമ

വസ്തുക്കൾക്ക് യാതൊരുവിധത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടാകാൻ പാടുള്ളതല്ല. ഏതെങ്കിലും വിധത്തിൽ സർവകലാശാലയ്ക്ക് നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം അതിന്റെ പൂർണമായ ഉത്തരവാദിത്തം ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ വ്യക്തി യുടെതായിരിക്കും. ഈ സാഹചര്യത്തിൽ സ്ഥാപനമേധാവി നിശ്ചയിക്കുന്ന നഷ്ട പരിഹാരം അടയ്ക്കുവാൻ 'ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ ആൾ ബാദ്ധ്യസ്ഥനായിരി ക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. **(0487-2961457)**

**14.** ലേലം/ക്വട്ടേഷൻ സംബന്ധിച്ചിടത്തോളം, ഏതൊരു കാര്യത്തിനും അന്തിമ തീരുമാനം കൈകൊള്ളുന്നതിനുള്ള അധികാരം പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയിൽ നിക്ഷിപ്തമാണ്.

**15.** ലേലം മാറ്റി വയ്ക്കുന്നതിനോ ഉറപ്പിക്കുന്നതിനോ/റദ്ദാക്കുന്നതിനോ ഉള്ള അധികാരം പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയിൽ നിക്ഷിപ്ത മായിരിക്കും.

**16.** സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

Signed by
Anitha S
Date: 28-04-2025 12:30:03

**Dr. ANITHA S**
**പ്രൊഫസർ & ഹെഡ്**

സ്വീകർത്താവ് :- കെ.എ.യു. വെബ് സൈറ്റ്, നോട്ടീസ് ബോർഡ് (ഓഫീസ്/ഫാം),
എ.ആർ.എസ്. മണ്ണുത്തി,
ആറ്റിക്, മണ്ണുത്തി,
സെൻട്രൽ നഴ്സറി, വെള്ളാനിക്കര,
കോളേജ് ഓഫ് അഗ്രികൾച്ചർ, വെള്ളാനിക്കര,
പഞ്ചായത്ത് ഓഫീസ്, മാടക്കത്തറ,
ബ്ലോക്ക് ഓഫീസ്, ഒല്ലൂക്കര,
ഫെയ്സ് ബുക്ക് പേജ്, ഐ.എഫ്.വെള്ളാനിക്കര)

പകർപ്പ്

ഷൈജു ഡി. ഒല്ലേക്കാട്ട്, ഫാം സൂപ്രണ്ട്, സ്റ്റോക്ക് ഫയൽ.